| Email: contact.seckerala@gmail.com cru.sec@kerala.gov.in | വാർത്താക്കുറിപ്പ് | TELEPHONE: 0471-2328158 MOBILE : 8281000127 www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 13th September 2024 |

**32 തദ്ദേശവാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് വോട്ടർപട്ടിക പുതുക്കുന്നു :**
**കരട് പട്ടിക സെപ്റ്റംബർ 20 ന് പ്രസിദ്ധീകരിക്കും**

മലപ്പുറം ജില്ലാപഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ സംസ്ഥാനത്തെ 32 തദ്ദേശസ്വയംഭരണവാർഡുകളിലെ വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുതുക്കുന്നു. കരട് വോട്ടർപട്ടിക **സെപ്റ്റംബർ 20 നും** അന്തിമപട്ടിക **ഒക്ടോബർ 19 നും** പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ മരണമോ രാജിയോ അയോഗ്യതയോ മൂലമുണ്ടായ ആകസ്മിക ഒഴിവുകളിലേയ്ക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പട്ടിക പുതുക്കുന്നത്.

കരട് പട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് സെപ്റ്റംബർ 20 മുതൽ ഒക്ടോബർ അഞ്ച് വരെ അപേക്ഷിക്കാം. **2024 ജനവരി 1 നോ** അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്കാണ് പേര് ചേർക്കാൻ അർഹതയുള്ളത്. അതിനായി sec.kerala.gov.in വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ നൽകണം.

പട്ടികയിലെ ഉൾക്കുറിപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനുമുള്ള അപേക്ഷകളും ഓൺലൈനായി നൽകാം. പേര് ഒഴിവാക്കാൻ ഓൺലൈനായി രജിസ്റ്റർ ചെയ്ത ആക്ഷേപങ്ങളുടെ പ്രിന്റൗട്ട് നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം.

ഗ്രാമപഞ്ചായത്ത് , മുനിസിപ്പാലിറ്റി വാർഡുകളിൽ അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ. കരട് പട്ടിക അതാത് തദ്ദേശസ്ഥാപനങ്ങളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കമ്മീഷന്റെ sec.kerala.gov.in വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.

12 ജില്ലകളിലായി **ഒരു** ജില്ലാപഞ്ചായത്ത് വാർഡ്, **നാല്** ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, **മൂന്ന്** മുനിസിപ്പാലിറ്റി വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലാണ് ആകസ്മിക ഒഴിവുകളുള്ളത്.

**ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകൾ (ജില്ല, തദ്ദേശസ്ഥാപനം, വാർഡ് നമ്പരും പേരും ക്രമത്തിൽ ) ചുവടെ**

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും |
|---|---|---|---|
| 1 | തിരുവനന്തപുരം | ജി.07 വെള്ളറട ഗ്രാമപഞ്ചായത്ത് | 19.കരിക്കാമൻകോഡ് |
| 2 | കൊല്ലം | ജി.08 വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് | 08.നടുവിലക്കര |
| 3 | കൊല്ലം | ജി.11 കുന്നത്തൂർ ഗ്രാമപഞ്ചായത്ത് | 05.തെറ്റിമുറി |
| 4 | കൊല്ലം | ജി.27 ഏരൂർ ഗ്രാമപഞ്ചായത്ത് | 17.ആലഞ്ചേരി |
| 5 | കൊല്ലം | ജി.50 തേവലക്കര ഗ്രാമപഞ്ചായത്ത് | 12.കോയിവിള തെക്ക് |
| 6 | കൊല്ലം | ജി.50 തേവലക്കര ഗ്രാമപഞ്ചായത്ത് | 22.പാലക്കൽ വടക്ക് |
| 7 | കൊല്ലം | ജി.60 ചടയമംഗലം ഗ്രാമപഞ്ചായത്ത് | 05.പൂങ്കോട് |
| 8 | പത്തനംതിട്ട | ബി.28 കോന്നി ബ്ലോക്ക്പഞ്ചായ ത്ത് | 13.ഇളകൊള്ളൂർ |
| 9 | പത്തനംതിട്ട | ബി.29 പന്തളം ബ്ലോക്ക്പഞ്ചായ ത്ത് | 12.വല്ലന |
| 10 | പത്തനംതിട്ട | ജി.10 നിരണം ഗ്രാമപഞ്ചായത്ത് | 07.കിഴക്കുംമുറി |
| 11 | പത്തനംതിട്ട | ജി.17 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | 05.ഇരുമ്പുകുഴി |
| 12 | പത്തനംതിട്ട | ജി.36 അരുവാപ്പലം ഗ്രാമപഞ്ചായത്ത് | 12.പുളിഞ്ചാണി |
| 13 | ആലപ്പുഴ | ബി.34 ആര്യാട് ബ്ലോക്ക്പഞ്ചായ ത്ത് | 01.വളവനാട് |
| 14 | ആലപ്പുഴ | ജി.66 പത്തിയൂർ ഗ്രാമപഞ്ചായത്ത് | 12.എരുവ |
| 15 | കോട്ടയം | എം.64 ഈരാറ്റുപേട്ട മുനിസിപ്പൽ കൗൺസിൽ | 16.കുഴിവേലി |
| 16 | കോട്ടയം | ജി.17 അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | 03.ഐ.റ്റി.ഐ |
| 17 | ഇടുക്കി | ബി.58 ഇടുക്കി ബ്ലോക്ക്പഞ്ചായ ത്ത് | 02.കഞ്ഞിക്കുഴി |
| 18 | ഇടുക്കി | ജി.27 കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | 09.പന്നൂർ |
| 19 | തൃശ്ശൂർ | എം.34 കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിൽ | 41.ചേരമാൻ മസ്ജിദ് |
| 20 | തൃശ്ശൂർ | ജി.07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 03.പൂശപ്പിള്ളി |
| 21 | തൃശ്ശൂർ | ജി.44 നാട്ടിക ഗ്രാമപഞ്ചായത്ത് | 09.ഗോഖലെ |

| | | | |
|---|---|---|---|
| 22 | പാലക്കാട് | ജി.02 ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് | 09. ചാലിശ്ശേരി മെയിൻ റോഡ് |
| 23 | പാലക്കാട് | ജി.38 തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 04.കോഴിയോട് |
| 24 | പാലക്കാട് | ജി.65 കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് | 13.കോളോട് |
| 25 | മലപ്പുറം | ഡി.10 മലപ്പുറം ജില്ലാ പഞ്ചായത്ത് | 31.തൃക്കലങ്ങോട് |
| 26 | മലപ്പുറം | എം.46 മഞ്ചേരി മുനിസിപ്പൽ കൗൺസിൽ | 49.കരുവമ്പ്രം |
| 27 | മലപ്പുറം | ജി.21 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | 22.മരത്താണി |
| 28 | മലപ്പുറം | ജി.96 ആലംകോട് ഗ്രാമപഞ്ചായത്ത് | 18.പെരുമുക്ക് |
| 29 | കോഴിക്കോട് | ജി.66 കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 18.ആനയാംകുന്ന് വെസ്റ്റ് |
| 30 | കണ്ണൂർ | ജി.02 മാടായി ഗ്രാമപഞ്ചായത്ത് | 06.മാടായി |
| 31 | കണ്ണൂർ | ജി.75 കണിച്ചാർ ഗ്രാമപഞ്ചായത്ത് | 06.ചെങ്ങോം |
| 32 | കാസർഗോഡ് | ജി.22 പള്ളിക്കര ഗ്രാമപഞ്ചായത്ത് | 02.ഹദ്ദാദ് നഗർ |

*(എസ്.ഇ.സി.28/2024)*